# SYRIAN ORTHODOX PATRIARCHATE OF ANTIOCH & ALL THE EAST

BABTOUMA
P.O. BOX - 22260
DAMASCUS, SYRIA,
No. E209/09

19th December - 2009

**ദൈവകൃപയാൽ**
**ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ഇഗ്നാത്തിയോസ്**
**സാഖാ പ്രഥമൻ ഇവാസ് പാത്രിയർക്കീസ്**

(മുദ്ര)

കർത്താവിൽ നമ്മുടെ ആത്മീയ സഹോദരനായ മാർ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കയ്ക്കും, ഇൻഡ്യയിലെ സ്നേഹം നിറഞ്ഞ അഭിവന്ദ്യരായ നമ്മുടെ മെത്രാപ്പോലീത്തന്മാർക്കും, വന്ദ്യ കോറെപ്പിസ്ക്കോപ്പ മാർക്കും, അർപ്പിതരായ ദയറാക്കാർക്കും, ബഹു. വൈദീകർക്കും, പ്രിയപ്പെട്ട ശെമ്മാശന്മാർക്കും, സമർപ്പിതരായ കന്യാസ്ത്രീകൾക്കും, യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ എല്ലാ വിശ്വാസികൾക്കും അപ്പോസ്തോലിക വാഴ്വുകൾ,

നിങ്ങൾക്കേവർക്കും നമ്മുടെ ആത്മീയമായ സ്നേഹാന്വേഷണങ്ങൾ അതോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാൻ നമുക്ക് അത്യധികം സന്തോഷമുണ്ട്. ക്രിസ്തുയേശുവിൽ നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട സഹോദരനായ ശ്രേഷ്ഠ കാതോലിക്ക അദ്ദേഹത്തിന്റെ 9-11-2009 ലെ കത്തിലൂടെ ഇൻഡ്യയിലെ പ്രാദേശീക സുന്നഹദോസിന്റെ അപേക്ഷ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പരമ്പരാഗതമായി അനുഷ്ഠിച്ചു വന്നിരുന്ന അമ്പതു നോമ്പ് യാതൊരു ഇളവൊ കുറവൊ കൂടാതെ അമ്പതു ദിവസവും ആചരിക്കണമെന്നത് പുനഃസ്ഥാപിച്ച് കൽപ്പനയാകണമെന്ന പ്രസ്തുത അപേക്ഷ വഴി നമ്മെ അറിയിച്ചിരുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ നമ്മുടെ മുൻഗാമിയും ഭാഗ്യസ്മരണാർഹനുമായ മോർ ഇഗ്നാത്തിയോസ് അപ്രേം ബർസൗം പാത്രിയർക്കീസ് ബാവ ഇൻഡ്യയിലെ വിശ്വാസികളുടെ അപേക്ഷയും അവിടുത്തെ കാലാവസ്ഥാപരമായ പ്രത്യേകതകളും കണക്കിലെടുത്ത് 1952 നവംബർ മാസം 11-ാം തീയതി തന്റെ കല്പനയിലൂടെ കാനോനീകമായ ഈ നോമ്പിൽ ചില ഇളവുകൾ അനുവദിച്ചിരുന്നു. അതിനുശേഷവും ഭൂരിഭാഗം വിശ്വാസികളും സമർപ്പണബുദ്ധ്യാ നോമ്പ് പൂർണമായ തോതിൽ ആചരിച്ചുവരുന്നതായി നമുക്ക് വിവരം ലഭിച്ചിട്ടുണ്ട്. നല്ല ഒരു വിഭാഗം യുവതലമുറ അവരുടെ പൂർവ്വപിതാക്കളുടെ പാത പിൻതുടർന്ന് ആത്മീയ കാര്യങ്ങൾ യാതൊരു വിട്ടുവീഴ്ച്ചയും വരുത്താതെ കാനോനീക നോമ്പുകൾ തീഷ്ണതയോടെ നോക്കുന്നു എന്നു കാണുന്നതിൽ നമുക്ക് അത്യധികമായ സന്തോഷമുണ്ട് കാലത്തിന്റെ ആവശ്യങ്ങൾ ഉൾക്കൊണ്ട് വിശ്വാസികളുടെ ആത്മീക തീഷ്ണത കണ്ടറിഞ്ഞും പ്രവർത്തിക്കുന്ന പരി. സുന്നഹദോസിലെ അംഗങ്ങളെ നാം അനുമോദിക്കുന്നു. ആയതിനാൽ പരി.സുന്നഹദോസിന്റെ അഭ്യർത്ഥനയെ മാനിച്ച് ഈ വർഷം മുതൽ അമ്പതുനോമ്പ് ഒരു ഇളവും കൂടാതെ അമ്പതു ദിവസവും ആചരിക്കണമെന്ന് നാം എല്ലാ വിശ്വാസികളേയും ഉൽബോധിപ്പിക്കുന്നു. ഇൻഡ്യയിലെ സുറിയാനി സഭയിലെ വിശ്വാസികളായ ദൈവമക്കളേവരും വലിയ നോമ്പിന്റെ അമ്പതു ദിവസവും മത്സ്യം, മാംസം, മുട്ട എന്നിവ ആഹാരത്തിൽ വർജ്ജിക്കേണ്ടതാകുന്നു. ദൈവ സ്നേഹത്തിൽ സമർപ്പണത്തോടും അത് ശരീര മനസുകളുടെ നിയന്ത്രണത്തോടും നോമ്പനുഷ്ഠിച്ച് ദൈവത്തിൽ ശരണപ്പെടുന്ന എല്ലാ ദൈവമക്കളും ഈ പുതിയ നിബന്ധന പാലിക്കേണ്ടതാകുന്നു.

വീണ്ടും പ്രിയ ആത്മീയ മക്കളെ,

നമ്മുടെ സഭയുടെ വിശ്വാസത്തിലും പാരമ്പര്യങ്ങളിലും നിങ്ങൾ മുറുകെ പിടിച്ച് മുന്നേറുന്നവരായിരിക്കണം. ദൈവത്തോട് കൂടുതൽ അടുക്കുവാനും ക്രിസ്തുയേശുവിന്റെ മനുഷ്യാവതാര വ്യപാരങ്ങളുമായി സമരസപ്പെടുവാനും അത് നമ്മെ ശക്തരാക്കും. നമ്മുടെ യുവ തലമുറയുടെ ആത്മീയ മൂല്യങ്ങൾ ബലപ്പെടുത്തിയെടുക്കുവാനും അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനും അത് നമ്മെ സഹായിക്കും. വേദപുസ്കത്തിൽ മാത്രമല്ല നമ്മുടെ പ്രാർത്ഥനകളിലും നോമ്പിന്റെയും പ്രാർത്ഥയുടെയും വലിയ പ്രയോജനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് "പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി (സാത്താന്യ ശക്തികൾ) വിട്ടുപോകുന്നതല്ല" വി.മർക്കോസ് 9:29 എന്ന് നമ്മുടെ രക്ഷകൻതന്നെ കൽപ്പിച്ചിട്ടുണ്ട്. ആയതുകൊണ്ട് നമ്മുടെ പൂർവ്വപിതാക്കൾ ആത്മീയ നിറവിനുവേണ്ടി ചെയ്തിരുന്നതുപൊലെ നിങ്ങളും ഉപവാസത്തിലും ആത്മീയമായ മറ്റു പ്രവർത്തനങ്ങളിലും മുഴുകി വിശ്വാസ തീഷ്ണതയിൽ വർത്തിക്കണമെന്ന് നാം പൈതൃകകമായി ഉദ്ബോധിപ്പിക്കുന്നു.

നിങ്ങൾക്കേവർക്കും ശ്ലൈഹീക വാഴ്വുകൾ ദൈവത്തിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാം അമ്മയുടെയും ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെയും ഇന്ത്യയുടെ അപ്പോസ്തോലനായ മോർ തോമാശ്ലീഹായുടെയും സകല വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമീൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ..............

No. P 3/2010

കർത്താവിൽ പ്രിയരെ,

പരിശുദ്ധ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് അയച്ചുതന്നിരിക്കുന്ന No. E 209/09 നമ്പർ കൽപ്പനയുടെ ശരിപകർപ്പ് നിങ്ങളുടെ അറിവിലേക്കായി അയച്ചു തരുന്നു.

പുത്തൻകുരിശ് പാത്രിയർക്കാ
സെന്ററിൽ നിന്നും
2010 ജനുവരി മാസം 28-ാം തീയതി

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**